"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: എച്ച് 2/8633/11 | തൈക്കാട്, തിരുവനന്തപുരം-14
തീയതി: 22.07.2013.

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - സർട്ടിഫിക്കറ്റ് തയ്യാറാക്കൽ പൊതുമാനദണ്ഡം- സംബന്ധിച്ച്.

ഈ വകുപ്പിൽ നിന്ന് നൽകുന്ന കംപ്യൂട്ടർ പ്രിന്റ് പ്രൊവിഷണൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ഒഴിച്ചുള്ള എല്ലാ സർട്ടിഫിക്കറ്റുകളും അതത് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തയ്യാറാക്കി ഈ കാര്യാലയത്തിലേക്ക് അയക്കുകയും ആയത് പരിശോധിച്ച് ബഹുമാനപ്പെട്ട ഡയറക്ടർ/എസ്.സി.വി.റ്റി സെക്രട്ടറി ഒപ്പുചാർത്തി അതത് പ്രിൻസിപ്പാൾമാർ വഴി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ ക്യാരക്ടർ ഭാഗം പൂരിപ്പിക്കാതെ മേലൊപ്പിന് സമർപ്പിക്കുന്നതായി കാണുന്നു. ആയതിനാൽ ഇനിമുതൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ ക്യാരക്ടർ ഭാഗം പൂരിപ്പിക്കാതെ സർട്ടിഫിക്കറ്റ് അപൂർണ്ണമായി ഹാജരാക്കാൻ പാടുള്ളതല്ല എന്ന് കർശനമായി നിർദ്ദേശിക്കുന്നു. ഇപ്രകാരം ക്യാരക്ടർ ഭാഗം പൂരിപ്പിക്കാതെ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ മേലൊപ്പു ചാർത്താതെ മടക്കി അയക്കുന്നതാണ്. ഈ വിഷയത്തിൽ ഇനിയുണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി വീക്ഷിക്കുന്നതായിരിക്കും.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

ആർ./30.7.13